Mathrubhumi
മാതൃഭൂമി

# അഭിമാനം, ഈ നേട്ടം

കാമ്പസുകളിലെ ശാസ്ത്ര-സാങ്കേതിക നേട്ടങ്ങൾ പരിചയപ്പെടുത്തുകയാണിവിടെ. തമിഴ്നാട്ടിലെ ജില്ലകളിലെ കോളേജുകളിൽ നിന്നുള്ള മികച്ച കണ്ടെത്തലുകൾ അറിയാം

**കാമ്പസ് ടെക്**



## ബുള്ളറ്റ് പ്രൂഫ് ലോഹസംയുക്തം വികസിപ്പിച്ച് അമൃത കോളേജിലെ ഡോ. ശന്തനു ഭൗമിക്

## പുതിയ ഉത്പന്നം പ്രതിരോധ-ബഹിരാകാശ മേഖലക്ക് ഉപകാരപ്രദം

**പി. സുരേഷ്ബാബു**
കോയമ്പത്തൂർ

▸ ബുള്ളറ്റ് പ്രൂഫ് ലോഹസംയുക്തം ഹൈബ്രിഡ് ലോഹസംയുക്തം വികസിപ്പിച്ച് അമൃത വിശ്വവിദ്യാപീഠത്തിലെ ഡോ. ശന്തനു ഭൗമിക്. കോളേജിലെ എയ്റോ സ്പേസ് എൻജിനീയറിങ് വിഭാഗം പ്രൊഫസറായ ഡോ. ശന്തനുവിന്റെ കണ്ടെത്തൽ രാജ്യത്തിന്റെ പ്രതിരോധ-ബഹിരാകാശ സാങ്കേതികവിദ്യയിൽ നാഴികക്കല്ലാവും. എട്ടുവർഷത്തെ പരീക്ഷണത്തിനൊടുവിലാണ് ലോഹസംയുക്തം വികസിപ്പിച്ചത്. പരമ്പരാഗത കവചിത സ്റ്റീലിനെക്കാൾ മൂന്നിരട്ടി ഭാരം കുറഞ്ഞ ഈ ലോഹസംയുക്തം മെച്ചപ്പെട്ട മൊബിലിറ്റി, വേഗത, പ്രതിരോധ സംരക്ഷണം എന്നിവ ഉറപ്പു നൽകുന്നു. മുൻ ഡെപ്യൂട്ടി ചീഫ് ഓഫ് ആർമി സ്റ്റാഫ് ലഫ്റ്റനന്റ് ജനറൽ സുബ്രത സാഹയുടെ എല്ലാവിധ പിന്തുണയുമുണ്ടായിരുന്നുവെന്ന് അദ്ദേഹം പറയുന്നു.

സിയാചിൻ ഗ്ലേസിയറിലും ചണ്ഡീഗഢിലെ ടെർമിനൽ ബാലിസ്റ്റിക് റിസർച്ച് ലൈബ്രറിയിലും അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചുള്ള പരിശോധനയ്ക്ക് ഈ ലോഹസംയുക്തം വിധേയമാക്കിയിരുന്നു. ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാൻ, ദേശീയ സുരക്ഷ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരുൾപ്പെടെ ഉന്നതരായ സൈനിക അധികൃതർ ഈ കണ്ടെത്തലിന് അംഗീകാരം നൽകിയിട്ടുണ്ട്.

എട്ടു മുതൽ പത്തു കിലോഗ്രാം വരെ ഭാരമുള്ള ടിഎൻടി സ്ഫോടനങ്ങൾ, സ്നിപ്പർ റൈഫിൾ കവചം തുളയ്ക്കുന്ന വെടിയുണ്ടകൾ, തുടർച്ചയായ തീപ്പിടിത്തം എന്നിവ ചെറുക്കാൻ ഈ ലോഹസംയുക്തത്തിന് കഴിയുമെന്ന് തെളിയിച്ചിട്ടുണ്ട്. ഇത് കവചിത വാഹനങ്ങൾ, സൈനിക ബങ്കറുകൾ, കപ്പലുകൾ, പ്രത്യേക ഓപ്പറേഷൻ ബോട്ടുകൾ എന്നിവയ്ക്ക് മികച്ച സംരക്ഷണം നൽകും. കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, ഘർദ കെമിക്കൽസ് തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ പിന്തുണയോടെയാണ് ഗവേഷണം മുന്നോട്ടുപോകുന്നത്. 100 ശതമാനം തദ്ദേശീയ സാങ്കേതികവിദ്യകളിലൂടെ വികസിപ്പിച്ച ഈ ഉത്പന്നം ദേശീയ സുരക്ഷയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നതാണ്. വിദേശ പ്രതിരോധ സാമഗ്രികളുടെ ആശ്രയത്വം കുറയ്ക്കാൻ ഇത് സഹായിക്കും.



ഡോ. ശന്തനു ഭൗമിക് പുതുതായി വികസിപ്പിച്ചെടുത്ത ഹൈബ്രിഡ് ലോഹസംയുക്തവുമായി

## സമർപ്പണം,ഇവർക്കായി

പുതുതായി വികസിപ്പിച്ചെടുത്ത ലോഹസംയുക്ത വസ്തുക്കൾ അഞ്ച് ദേശീയ നായകന്മാരുടെ സമാനതകളില്ലാത്ത ധൈര്യത്തിനും ത്യാഗത്തിനുമുള്ള ആദരമായി സമർപ്പിച്ചിരിക്കുന്നു.

- ലൈറ്റ് വെയ്റ്റ് ബുള്ളറ്റ് പ്രൂഫ് കോമ്പോസിറ്റ്: നേതാജി സുഭാഷ് ആർമർ.
- ലൈറ്റ് വെയ്റ്റ് ബ്ലാസ്റ്റ് പ്രൂഫ് കോമ്പോസിറ്റ്: ഛത്രപതി ശിവാജി ആർമർ
- വളരെ ഭാരം കുറഞ്ഞ അഗ്നി പ്രതിരോധശേഷിയുള്ള സംയുക്തം: റാണി ലക്ഷ്മിഭായ് കവചം,
- ഭാരം കുറഞ്ഞ സുതാര്യമായ ബുള്ളറ്റ് പ്രൂഫ് സംയുക്തം: റാണി ചെന്നമ്മ കവചം.
- ലൈറ്റ് വെയ്റ്റ് മൈൻ ബ്ലാസ്റ്റ് പ്രൂഫ് കോമ്പോസിറ്റ്: ഷഹീദ് ഉധംസിങ് ആർമർ എന്നിങ്ങനെയാണ് പേരിട്ടിരിക്കുന്നത്.